"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - റവന്യൂ റിക്കവറി - മുതൽ, പലിശ, പിഴ പലിശ എന്നിവയിൽ ഇളവ് നൽകിയ നടപടി - സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.680/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1. ജി.സി.ഡി.എ സെക്രട്ടറിയുടെ 10.05.2023, 07/06/2023, 11/11/2025, 30/01/2026 തീയതികളിലെ 3749/റവന്യൂ/ആർ.ആർ./2010/ജി.സി.ജി.എ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിശാല കൊച്ചി വികസന അതോറിറ്റിയിൽ പെൻഡിംഗ് ആയിരുന്ന റവന്യൂ റിക്കവറി കേസുകളിൽ ബഹു.ഹൈക്കോടതിയിൽ ശ്രീ.ആനന്ദ് ഗൗരി മേനോൻ ഫയൽ ചെയ്ത കേസിലെ വിധിപ്രകാരം 3 മാസത്തിനകം അദാലത്ത് നടത്തി എല്ലാ കേസുകളും തീർപ്പാക്കണമെന്ന് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ആകെ പെൻഡിംഗ് ആയിരുന്ന 36 RR കേസുകളിൽ അദാലത്തിൽ 34 കേസുകളിലെ കക്ഷികൾ ഹാജരായതായും, 31 കേസുകളിൽ കക്ഷികൾ അതോറിറ്റി നിശ്ചയിച്ച വ്യവസ്ഥകൾ പ്രകാരം കുടിശ്ശിക തീർപ്പാക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതായും ജിസിഡിഎ സെക്രട്ടറി പരാമർശം പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. KDA Rules 2015, ചട്ടം 58, Irrecoverable Items and Written off cases പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള കേസുകളിൽ അതോറിറ്റിയ്ക്ക് സ്വമേധയാ നടപടി എടുക്കാവുന്നതാണ് എന്നതിനാൽ അപ്രകാരമുള്ള 19 ആർ.ആർ കേസുകളിൽ ഒരു ലക്ഷം രൂപയിൽ താഴെ പലിശയിളവ് അനുവദിച്ച് തീർപ്പാക്കിയ നടപടി സാധൂകരിക്കുന്നതിനും, 9 കേസുകളിൽ പലിശയിളവ് നല്കുന്ന തുക ഒരു ലക്ഷം രൂപയിൽ കൂടുതലായതിനാലും, 3 കേസുകളിൽ മുതൽ, പലിശ, പിഴ പലിശ എന്നിവ ഉൾപ്പടെ മുഴുവൻ കുടിശ്ശികയും എഴുതിത്തള്ളുന്നതിനും പരാമർശിത കത്ത് പ്രകാരം ജിസിഡിഎ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അദാലത്തിൽ ഉൾപ്പെട്ടിരുന്ന കേസുകളിൽ 11/11/2025-ലെ കത്ത് പ്രകാരം ജി.സി.ഡി.എ. സർക്കാരിന്റെ അനുമതി തേടിയ കേസുകളിന്മേലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശ്രമം നടത്തിയിട്ടുണ്ടെന്നും, വളരെ പഴയ

അർത്ഥനകളിൽ യാതൊരു വിധത്തിലും തുക ഈടാക്കാനാവാത്തതാണെന്നും ബോദ്ധ്യപ്പെട്ടതിനാൽ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽ കൊൺസിലിലും വിഷയം ധരിപ്പിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതാണെന്നും, പലിശ ഇനത്തിലുള്ള തുക വളരെ കൂടുതലായതിനാലും പലിശയിൽ ഇളവ് നൽകി തീർപ്പാക്കുന്നത് അതോറിറ്റിക്ക് യാതൊരു സാമ്പത്തിക നഷ്ടവും ഇല്ലാത്തതാണെന്നും അറിയിച്ചിരിക്കുന്നത് കണക്കിലെടുത്ത് ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു.

(i) KDA ചട്ടം 2015, ചട്ടം 58 , Irrecoverable items and written of cases പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് താഴെ പലിശയിളവ് അനുവദിച്ച് 19 ആർ.ആർ. കേസുകൾ അതോറിറ്റിയിൽ തീർപ്പാക്കിയ നടപടി സാധൂകരിക്കുന്നു.

(ii) ഒരു ലക്ഷത്തിന് മുകളിൽ പലിശയിളവ് നൽകിയ 9 കേസുകളിൽ അപ്രകാരം പലിശയിളവ് നൽകിയ അതോറിറ്റിയുടെ നടപടി അംഗീകരിക്കുന്നു.

(iii) അദാലത്തിൽ ഉൾപ്പെട്ട 3 കേസുകളിൽ മുതൽ, പലിശ, പിഴപ്പലിശ എന്നിവ പൂർണ്ണമായും എഴുതി തള്ളി ഉത്തരവാകുന്നു.

(iv) ആർ.ഐ.യിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസിൽ നിന്നും കാരണം കാണിച്ച് മടക്കിയിട്ടുള്ള 19 ആർ.ആർ. റിക്വിസിഷനുകളിലെ തുക എഴുതി തള്ളി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ /ഇ& ആർ.എസ്.എ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (18.02.2026 ലെ WCD-3/222/2023-FIN പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA3/79/2023- LSGD)

ഉത്തരവിൻ പ്രകാരം
Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 11-03-2026 14:24:04